# 108. മാനിനെ കൊല്ലാതെ കസ്തൂരി

വിശിഷ്ടങ്ങളായ പല ആയുർവേദ—യുനാനി ഔഷധങ്ങളിലെയും മുഖ്യ ഘടകമായ കസ്തൂരി സ്വാഭാവികരൂപത്തിൽ ഇന്ത്യയിൽ ദുർലഭമായിട്ട പല വർഷങ്ങളായി. 1960—ാമാണ്ടിൽ ഇന്ത്യയിൽനിന്ന് ഏതാണ്ട് എണ്ണൂറു കിലോഗ്രാം കസ്തൂരി കയററി അയച്ചുവത്രെ. ആ സ്ഥാനത്ത് 1980—ാമാണ്ടിൽ കയററി അയച്ചത് ഇരുനൂറു കിലോഗ്രാമിൽ താഴെ മാത്രമായിരുന്നു. 1979—ൽ ഒരു കിലോഗ്രാം സ്വാഭാവിക—കസ്തൂരിക്ക് അന്താരാഷ്ട്രീയവിപണിയിൽ നാല്പതിനായിരം ഡോളർ വിലയുണ്ടായിരുന്നു. ഇപ്പോഴ് ഒരു കിലോഗ്രാം കസ്തൂരിയുടെ അന്താരാഷ്ട്രീയവിപണിയിലെ വില അമ്പതിനായിരം ഡോളർ ആണെന്നു കാണുന്നു.

കൊമ്പില്ലാത്ത ഒരുതരം ചെറിയ മാനിൽനിന്നാണ് കസ്തൂരി ലഭിക്കുന്നത്. വായിൽ, മുകളിലെ മോണയിൽനിന്നു കീഴ്പോട്ട വളരുന്ന നീണ്ട രണ്ടു തേററകൾകൊണ്ട് കസ്തൂരിമാനിനെ എളുപ്പത്തിൽ തിരിച്ചറിയാം. സൈബീരിയ മുതൽ ഹിമാലയംവരെയുള്ള പർവതങ്ങളിൽ ഹിമാനികൾ തുടങ്ങുന്നതിനടുത്ത പ്രദേശങ്ങളിൽ ഇത്തരം മാനുകളെ കാണാം. എന്നാൽ, കസ്തൂരി നൽകുന്ന മാനുകൾ ഇപ്പോഴ് ഉള്ളത് സോവിയററ് യൂണിയൻ, വിയററ്നാം, ഇന്ത്യ, നേപ്പാൾ എന്നീ രാജ്യങ്ങളിൽ മാത്രമാണത്രേ. ചൈനക്കാർ പിടിച്ചടക്കുംവരെ തിബത്തിലും കസ്തൂരിമാനുകൾ വളർന്നിരുന്നു. ഇപ്പോഴ് ആ ജന്തു അവിടെ ഉണ്ടോ, ആവോ!

മുതിർന്ന ആൺ—കസ്തൂരിമാനിന്റെ ലൈംഗികഗ്രന്ഥിയിൽ ഊറിക്കൂടുന്നതും, കറുപ്പോ, ചുവപ്പുകലർന്ന ഇളംതവിട്ടോനിറം ഉള്ളതുമായ ഒരു ജൈവവസ്തുവാണു കസ്തൂരി. ഉണങ്ങിയാൽ ഇതു പൊടിയാവും; ആൽക്കഹോളിൽ അലിയുകയുംചെയ്യും. പല സുഗന്ധദ്രവ്യങ്ങളും നിർമിക്കുവാൻ കസ്തൂരി ഉപയോഗപ്പെടുന്നു. മദികാലത്തു ചുററുപാടുമുള്ള പേടമാനുകളെ തന്റെ സാന്നിദ്ധ്യം അറിയിക്കുവാനാണ് കസ്തൂരിമാൻ ഈ ജൈവവസ്തു ഉപയോഗപ്പെടുത്തുന്നത്. അതിന്റെ സുഗന്ധസന്ദേശം പേടമാനുകൾക്കു ചെറുത്തുനില്ക്കാനാവാത്ത ആകർഷണമാണത്രെ. കസ്തൂരിക്ക് ഇംഗ്ലീഷിൽ 'മസ്ക്' എന്നാണു പേർ. സംസ്കൃതത്തിലെ 'മുഷ്കം' എന്ന വാക്കിൽനിന്നാണ് ഈ ഇംഗ്ലീഷ്പദം ഉണ്ടായത്. മുഷ്കം എന്നാൽ വൃഷണം. ഈ പദം കസ്തൂരിക്കു മാനിന്റെ ലൈംഗികഗ്രന്ഥിയുമായുള്ള ബന്ധത്തെ ചൂണ്ടിക്കാട്ടുന്നു.

കസ്തൂരിമാനിനെ വേട്ടയാടിയോ, കടുക്കവെച്ചു പിടിച്ചോ കൊന്നാണ്, അതിന്റെ ശരീരത്തിൽനിന്ന് കസ്തൂരി വേർതിരിച്ചെടുക്കുന്നത്. നൂറോ, നൂററമ്പതോ മാനുകളെ കൊന്നാൽ മാത്രമേ കഷ്ടിച്ച് ഒരു കിലോഗ്രാം കസ്തൂരി കിട്ടുകയുള്ളു. ഇപ്പോഴ് ആണ്ടുതോറും ഇരുനൂറോളം കിലോഗ്രാം കസ്തൂരി ഉല്പാദിപ്പിക്കാനായി ഇരുപതിനായിരം മുതൽ മുപ്പതിനായിരംവരെ കസ്തൂരിമാനുകളെ കൊന്നുവരുന്നതായി ലോകവന്യജീവിനിധി (വേൾഡ് വൈൽഡ് ലൈഫ് ഫണ്ട്) കണക്കാക്കിയിരിക്കുന്നു. കസ്തൂരിമാനിനെ വംശനാശം ആസന്നമായ ഒരു മൃഗം (എൻഡെയ്ഞ്ജേർഡ് സ്പീഷീസ്) ആയി ഇനിയും പ്രഖ്യാപിച്ചിട്ടില്ല. അതിന്റെ വംശനാശം വളരെ അകലെയാണെന്നു തോന്നുന്നില്ല.

മാനിനെ കൊല്ലാതെ അതിന്റെ ശരീരത്തിൽനിന്ന് കസ്തൂരി

വേർതിരിച്ചെടുക്കാമോ? അതിനു സാധിക്കുമെങ്കിൽ കസ്തൂരിമാനിനെ വംശനാശത്തിൽനിന്നു രക്ഷിക്കാം; സ്വാഭാവികമായ കസ്തൂരി ഇനിയും നമുക്കു തുടർന്നു ലഭിക്കുകയും ചെയ്യും.

കസ്തൂരിപോലെയുള്ള ഒരു ജൈവ–സുഗന്ധവസ്തുവാണല്ലോ വെരുകിൻപുഴ. 'പുഴ' എടുക്കാൻ വെരുകിനെ കൊല്ലേണ്ടതില്ല. കൂടിന്റെ മുകളിൽ ഉള്ള ദ്വാരത്തിലൂടെ കീഴ്പോട്ട് ഇറക്കിക്കൊടുത്ത ഓടത്തണ്ടിൽ വെരുക് ഈ ലൈംഗികസ്രവം തേച്ചുപിടിപ്പിച്ചുകൊള്ളും. ഇതുപോലെ കസ്തൂരിമാനിൽനിന്ന് കസ്തൂരി ഏതെങ്കിലും വിധത്തിൽ 'കറന്ന്' എടുക്കുവാൻ സാധ്യമാണോ?

ഇന്ത്യയിൽ, ഉത്തരപ്രദേശിൽ അൽമോറാജില്ലയിലുള്ള മെഹ്രൂരി എന്ന സ്ഥലത്തു ഗവണ്മെൻറുവക ഒരു കസ്തൂരി–മൃഗ–ഗവേഷണ കേന്ദ്രം ഉണ്ട്. ഈ കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ശാസ്ത്രജ്ഞന്മാർ കസ്തൂരിമാനിനെ കൊല്ലാതെ കസ്തൂരി പുറത്തെടുക്കുന്നതിനുള്ള ഒരു സാങ്കേതികമാർഗം വികസിപ്പിച്ചെടുത്തിട്ടുള്ളതായി 1987 നവംബർ 13–ാം തീയതിയിലെ 'സ്റ്റേറ്റ്സ്മാൻ' പത്രത്തിൽ വായിക്കുകയുണ്ടായി. ഇപ്പോഠം പരീക്ഷണദശയിലിരിക്കുന്ന ഈ സാങ്കേതികമാർഗത്തെപ്പററി കൂടുതൽ വിവരങ്ങഠം അറിവായിട്ടില്ല. ആയുർവേദം, സിദ്ധവൈദ്യം എന്നീ പാരമ്പര്യ വൈദ്യശാസ്ത്രങ്ങളിൽ ഗവേഷണം നടത്തുന്നതിന് ഇന്ത്യാഗവണ്മെൻറ് സ്ഥാപിച്ചിട്ടുള്ള കേന്ദ്ര–കൗൺസിലിലെ ഡോക്ടർ ആർ. സി. ഡി. നൗടിയാൽ എന്ന ശാസ്ത്രജ്ഞന്റെ കീഴിൽ ഒരു സംഘം വിദഗ്ധന്മാർ ഇപ്പോഠം കസ്തൂരിമാനിനെ കൊല്ലാതെ പരമാവധി കസ്തൂരി അതിൽനിന്നു പുറത്ത് എടുക്കുന്നതിനുള്ള ഈ സാങ്കേതികമാർഗം വികസിപ്പിച്ചുവരികയാണത്രെ.

പ്രകൃതിപ്രേമികഠംക്കു മാത്രമല്ല, പ്രകൃത്യനുസൃത–ചികിത്സാസമ്പ്രദായങ്ങളിൽ താല്പര്യമുള്ളവർക്കുകൂടി അത്യന്തം ആഹ്ലാദകരമാണ് ഈ വാർത്ത. കസ്തൂരിമാനിനെ കൊല്ലാതെ കസ്തൂരി അതാതുകാലത്തു പുറത്തെടുക്കുവാനുള്ള സാങ്കേതികമാർഗം ഇന്ത്യൻശാസ്ത്രജ്ഞന്മാർ വികസിപ്പിച്ചെടുക്കുന്നപക്ഷം, അധികം താമസിയാതെ ഏററവുമധികം വിദേശനാണ്യം നമുക്കു നേടിത്തരുന്ന കയററുമതിച്ചരക്ക് എന്ന സ്ഥാനം കസ്തൂരിക്കു കൈവന്നുകൂടായ്കയില്ല.

ഇന്ത്യയിൽനിന്നു കസ്തൂരി വാങ്ങുന്ന രാജ്യങ്ങളിൽ പ്രമുഖസ്ഥാനം ജപ്പാന് ആണ്. മരുന്നുണ്ടാക്കുവാനാണത്രെ ജപ്പാൻകാർ മുഖ്യമായും കസ്തൂരി ഉപയോഗപ്പെടുത്തുന്നതു്.

രാസവസ്തുക്കഠം ഉപയോഗിച്ച് കൃത്രിമമായും കസ്തൂരി നിർമിച്ചുവരുന്നുണ്ട്. സ്വാഭാവിക കസ്തൂരിയുടെ നിറവും മണവും കൃത്രിമമായ (രാസവസ്തുനിർമിതമായ) കസ്തൂരിക്കും ഉണ്ടാവും. പക്ഷേ, സ്വാഭാവികത്തിന്റെ ഗുണം കൃത്രിമത്തിന് ഉണ്ടാവുമെന്നു കരുതിക്കൂടല്ലോ. കൃത്രിമകസ്തൂരിക്ക് ഒരു കിലോവിന് 1981–ൽ നൂററമ്പതു രൂപ മുതൽ മുന്നൂററിരുപത്തഞ്ചു രൂപവരെ മാത്രമേ വില ഉണ്ടായിരുന്നുള്ളു. നമ്മുടെ വൈദ്യശാലകളിൽ ഇപ്പോഠം തയ്യാറാക്കിവരുന്ന ആയുർവേദ–ഔഷധങ്ങളിൽ കസ്തൂരി ചേർക്കാറുണ്ടോ, എന്തോ! ഉണ്ടെങ്കിൽ, അതു വിലകുറഞ്ഞ, രാസവസ്തുക്കഠംകൊണ്ടുണ്ടാക്കിയ, കൃത്രിമകസ്തൂരി ആയിരിക്കാനാണ് ഇട. ഔഷധനിർമാണത്തിനായി 1981–ൽ ഇന്ത്യയിൽ ലഭ്യമായിരുന്നതു പത്തുമുതൽ പതിനഞ്ചുവരെ കിലോഗ്രാം സ്വാഭാവികകസ്തൂരി മാത്രമായിരുന്നുവത്രെ. ഇക്കഴിഞ്ഞ ആറു വർഷത്തിനകത്തു സ്വാഭാവികകസ്തൂരിയുടെ അന്താരാഷ്ട്രീയ വിലയിൽവന്ന ഉയർച്ച പരിഗണിക്കു

പോരാ, ഇന്ത്യയ്ക്കകത്തു സ്വാഭാവികക്കസ്തൂരിയുടെ ലഭ്യത പിന്നെയും കുറഞ്ഞിരിക്കാനാണു സാദ്ധ്യത.

മാനിനെ കൊല്ലാതെ കസ്തൂരി പുറത്തെടുക്കുന്ന സാങ്കേതികമാർഗത്തെപ്പററി കൂടുതൽ വിവരങ്ങൾ താമസിയാതെ ലഭ്യമാകുമെന്ന് ആശിക്കുക.

(27 ഡിസംബർ, 1987)

# 109. ചിത്രശലഭങ്ങളെപ്പററി വീണ്ടും

ചിത്രശലഭങ്ങളെപ്പററി ഉദ്ബുദ്ധമായ താല്പര്യം ജനങ്ങൾക്കിടയിൽ വളർത്തേണ്ടതിന്റെയും, വംശനാശത്തിൽനിന്ന് അവയെ സംരക്ഷിക്കുന്നതിനു നടപടികൾ കൈക്കൊള്ളേണ്ടതിന്റെയും ആവശ്യകതയെപ്പററി നാലു വർഷംമുമ്പ് ഈ പംക്തികളിൽ ഞാൻ എഴുതിയിരുന്നു (അന്വേഷണങ്ങൾ, കണ്ടെത്തലുകൾ, പേജ് 277).

ഏതാനും യൂറോപ്യൻ രാജ്യങ്ങളിലെ ഒമ്പതു പ്രകൃതി സംരക്ഷണ സംഘടനകൾ 1987 മെയ് മാസത്തിൽ പടിഞ്ഞാറെ ജർമനിയുടെ തലസ്ഥാനമായ ബോൺ നഗരത്തിൽ സമ്മേളിച്ച്, യൂറോപ്പിലെ ചിത്രശലഭങ്ങളെ സംരക്ഷിക്കുന്നതിനുള്ള ഒരു അന്താരാഷ്ട്രീയപ്രസ്ഥാനം ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ലോക–വന്യ ജീവി–നിധിയുടെ (ഡബ്ളിയു. ഡബ്ളിയു. എഫ്.) ജർമനിയിലെയും ആസ്ത്രിയയിലെയും സ്വിററ്സർലൻഡിലെയും ശാഖകൾ, സ്വിററ്സർലൻഡിലെ പ്രകൃതി–സംരക്ഷണ-ലീഗ്, ആസ്ത്രിയയിലെ പ്രകൃതി–പരിസ്ഥിതി–സംരക്ഷണ–സൊസൈററി, ലുക്സംബർഗിലെ പ്രകൃതി–ചരിത്ര–മ്യൂസിയം, പടിഞ്ഞാറെ ജർമനിയിലെ പരിസ്ഥിതി-പ്രകൃതി–സംരക്ഷണ–ലീഗ്, പക്ഷി–സംരക്ഷണ–സൊസൈററി, പരിസ്ഥിതി സഹായ–ഫൗണ്ടേഷൻ എന്നീ സംഘടനകളാണ് ഈ സമ്മേളനം വിളിച്ചുകൂട്ടിയത്. ചിത്രശലഭങ്ങളെപ്പററിയുള്ള അറിവു പങ്കിടുക, പരിസ്ഥിതി സംരക്ഷണത്തിന് ഉതകുന്ന കാർഷിക നയങ്ങൾക്കുവേണ്ടി സംഘടിതമായി പ്രചാരവേലചെയ്യുക, സസ്യസംരക്ഷണത്തിന്റെ പേരിൽ വിഷമയങ്ങളായ കീടനാശികൾ ഉപയോഗിക്കുന്നതു തടയാൻ നിയമങ്ങൾ നിർമ്മിക്കുന്നതിനു സർക്കാരുകളെ പ്രേരിപ്പിക്കുക എന്നീ ലക്ഷ്യങ്ങളാണു സമ്മേളനത്തിനുണ്ടായിരുന്നതു്. ചിത്രശലഭസംരക്ഷണം മുഖ്യ ഉദ്ദേശ്യമായി ഒരു അന്താരാഷ്ട്രീയ സമ്മേളനം നടക്കുന്നതു് ഇതു് ആദ്യത്തെ തവണയാണത്രെ.

ഊർജ്ജിതമായ ഒരു സംരക്ഷണപ്രസ്ഥാനം ഉടനെ ആരംഭിച്ചില്ലെങ്കിൽ യൂറോപ്പിലെ ചിത്രശലഭവർഗങ്ങളിൽ പകുതിയോളം ഏതാനും വർഷങ്ങൾക്കകം ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമാകുമെന്ന് ഈ സമ്മേളനത്തിൽ പ്രഖ്യാപിക്കപ്പെട്ടു.

ഉത്തരധ്രുവത്തിനടുത്തു്, ബാൾട്ടിക് കടലിൽനിന്നു കരയ്ക്കടിയുന്ന ഒരു വസ്തുവാണ് ആംബർ. ചരിത്രാതീതകാലത്തുണ്ടായിരുന്ന ചിലതരം നിത്യഹരിത വൃക്ഷങ്ങളുടെ പശയാണ് അനേകലക്ഷം വർഷങ്ങളിലൂടെ നടന്ന പ്രാകൃതിക പ്രക്രിയകളുടെ ഫലമായി രത്നതുല്യമായ, തിളങ്ങുന്ന, ആംബർ ആയി പരിണമിച്ചിട്ടുള്ളതു്. ആഭരണനിർമാണത്തിനും മററും ഇന്ന് ഉപയോഗപ്പെടുന്ന ഈ വസ്തുവിൽ അനേക കോടി വർഷങ്ങൾ പഴ